ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ : ശ്രീ.ജോമോൻ കെ ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നം. എച്ച്.ഇ.സി.ഇ/54/2021/ബി1 തീയതി : 11/08/2022**

വിഷയം:- ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ശൂന്യവേതനാവധി റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിച്ച ഓഫീസ് അറ്റൻഡന്റ് ശ്രീ.വി.എസ്.ഉജ്ജ്വലിനെ നീണ്ടകര സബ് ഡിവിഷനിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. ഈ കാര്യാലയത്തിലെ 06/03/2020 ലെ ബി3-36545/2020/സി.ഇ നമ്പർ ഉത്തരവ്.
2. സർക്കാർ ഉത്തരവ് സ.ഉ(സാധാ.) നം. 219/2022/മ.തു.വ തീയതി. 04/04/2022.

ഹാർബർ എഞ്ചിനീയറിംഗ് ചേറ്റുവ സബ് ഡിവിഷനിലെ ആഫീസ് അറ്റൻഡന്റ് ശ്രീ.വി.എസ്.ഉജ്ജ്വലിന് ഒന്നാം സൂചന പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധി റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി ഡ്യൂട്ടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.വി.എസ് ഉജ്ജ്വൽ, LWAയിൽ പ്രവേശിച്ചതു വഴി ചേറ്റുവ സബ് ഡിവിഷനിൽ ഉണ്ടായ ആഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവ് എറണാകുളം ഡിവിഷനിലെ ആഫീസ് അറ്റൻഡന്റ് ശ്രീ.ഷൈജ രാമകൃഷ്ണന് സ്ഥലംമാറ്റം നൽകി നികത്തിയിട്ടുള്ളത് നിമിത്തം ശ്രീ.വി.എസ്.ഉജ്ജ്വലിന് ഓഫീസ് അറ്റൻഡന്റ് / സമാന തസ്തികയിൽ ഒഴിവുള്ള മറ്റേതെങ്കിലും കാര്യാലയത്തിൽ നിയമനം നൽകേണ്ടതുണ്ട്. രണ്ടാം സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം നീണ്ടകര സബ് ഡിവിഷനിലെ നൈറ്റ് വാച്ച്മാൻ ശ്രീ.ആനന്ദ് വി പിള്ളയ്ക്ക് 04/10/2021 മുതൽ 31/12/2022 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായത് പ്രകാരം നീണ്ടകര സബ് ഡിവിഷൻ നൈറ്റ് വാച്ച്മാൻ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശൂന്യവേതനാവധി റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുന്ന ഓഫീസ് അറ്റൻഡന്റ് ശ്രീ.വി.എസ്.ഉജ്ജ്വലിനെ നിലവിൽ ഒഴിവുള്ള ഹാർബർ എഞ്ചിനീയറിംഗ് നീണ്ടകര സബ് ഡിവിഷനിലെ നൈറ്റ് വാച്ച്മാൻ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
ശ്രീ.ഉജ്ജ്വൽ.വി.എസ്
ഓഫീസ് അറ്റൻഡന്റ്.

പകർപ്പ്:
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല / മദ്ധ്യമേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം / എറണാകുളം
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നീണ്ടകര / ചേറ്റുവ
4. വെബ് സൈറ്റിലേയ്ക്ക് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh